Page 1 of 2

(ഡി) രണ്ട് വർഷങ്ങൾക്കുമുമ്പ് സമാനമായ ആവശ്യത്തിന് മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഇപ്പോഴുള്ള മൊബൈൽ ആപ്പ്, റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായാണ് നിലവിൽവരുന്നത്. രണ്ടുവർഷം മുമ്പ് Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility'(CSR) ഫണ്ടുപയോഗിച്ച് റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിന് ഒരു മൊബൈൽ ആപ്പ് - "പി.ഡബ്ല്യു.ഡി. ഫിക്സിറ്റ്" 2018 മേയ് മാസം തയ്യാറാക്കിയിരുന്നു. പൊതുമരാമത്ത് റോഡുകളെപ്പറ്റിയുള്ള പരാതികൾ ജിയോ ടാഗ് ചെയ്ത ഫോട്ടോകൾ ഉൾപ്പെടെ അപ്ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഈ ആപ്പിൽ ലഭ്യമാക്കിയിരുന്നത്. ആപ്പിന്റെ പ്രവർത്തനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സെർവർ മുതലായവയുടെ ചെലവും വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പറായ കമ്പനി തയ്യാറാകാത്തതുകാരണം 2019 ജൂലൈ മാസത്തിനുശേഷം ആപ്പിന്റെ പ്രവർത്തനം നിലച്ചു.

(ഇ) പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് ആപ്പ് നിർമ്മിക്കാനായി ഏതുകമ്പനിയെയാണ് ചുമതലപ്പെടുത്തിയത്; എത്ര തുകയ്ക്കാണ് ആപ്പ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിനുകീഴിലുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷനും Hubspire എന്ന കമ്പനിയും ചേർന്നാണ് പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് എന്ന ആപ്പ് സൗജന്യമായി നടപ്പാക്കിയത്.

**ഭാരത്മാല പദ്ധതി**

37 (786) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം-മൈസൂർ പാത അലൈൻമെന്റ് മാറ്റുവാൻ ദേശീയപാത അതോറിറ്റിക്ക് പുതിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രാഫിക് സർവ്വേ നടത്തിയ ഏജൻസി സമർപ്പിച്ച നിർദ്ദേശത്തിൽ മലപ്പുറത്തെ ഒഴിവാക്കുന്ന നടപടി പുനഃപരിശോധിക്കുമോ;

(സി) മലപ്പുറം ജില്ലയുടെ വികസന കുതിപ്പിനു അടിവരയിടുന്ന നിർദ്ദിഷ്ട മലപ്പുറം - മൈസൂർ - ബാംഗ്ലൂർ ഗ്രീൻഫീൽഡ് പാത അലൈൻമെന്റ് മാറ്റാതെ നടപ്പിലാക്കികിട്ടാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ-സി) ഭാരത്മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം-മൈസൂർ പാതയുടെ അന്തിമ അലൈൻമെന്റ് ദേശീയപാത അതോറിറ്റി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. അലൈൻമെന്റ് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പൊതുമരാമത്ത് വകുപ്പിൽനിന്ന് ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടില്ല.

**റോഡുകളുടെ അറ്റകുറ്റപ്പണി**

38 (787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുകൾ തകർന്നിട്ടുണ്ട്?

ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും നിരത്ത് വിഭാഗത്തിനുകീഴിലുള്ള 246 കി.മീ റോഡുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഇത്തരത്തിൽ തകർന്ന റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചവറ മണ്ഡലത്തിലെ റോഡ് നിർമ്മാണം**

39 (788) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എത്ര പി.ഡബ്ല്യു.ഡി. റോഡുകളുണ്ടെന്നറിയിക്കുമോ; ഓരോ റോഡിനും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

40 (789) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ പേര് വിവരം അറിയിക്കാമോ ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.